(ബി) ഉണ്ട്.

(സി) ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക-റൂട്ട്സ്, ഒ.ഡി.ഇ.പി.സി.യേയും തമിഴ്നാട് സർക്കാരിന്റെ കീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവവഴി മാത്രമായി പരിമിതപ്പെടുത്തി കേന്ദ്രഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ഇ.സി.ആർ. രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽനിന്നും എമിഗ്രേഷൻ ക്ലിയറൻസും 31-5-2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ ഓൺലൈൻ പോർട്ടലായ emigrate.gov.in-ൽ കൂടി ഓൺലൈനായിമാത്രമേ റിക്രൂട്ട്മെന്റ്/എമിഗ്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ടി സർക്കാർ ഏജൻസികൾ നഴ്സുമാരിൽനിന്നും റിക്രൂട്ട്മെന്റ് ചെലവുകൾക്കായി യാതൊരു തുകയും വാങ്ങരുതെന്നും ആയത് വിദേശത്തുള്ള ഉദ്യോഗദാതാവിൽനിന്നും പരസ്പര ധാരണയിലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ

82 (2715) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഏജൻസികൾവഴിയുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വിദേശ രാജ്യങ്ങളിലേക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിന് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തുന്ന എല്ലാ വിദേശ രാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ഈ തൊഴിൽമേഖലയെ ബാധിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് അടിയന്തര പരിഹാരം കണ്ടെത്തുമോ ;

(ഡി) എമിഗ്രേഷൻ ക്ലിയറൻസ് റിക്വയേർഡ് നിയന്ത്രണം തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതുമൂലം പ്രതിസന്ധിയിലായ മലയാളി നഴ്സുമാരെ സഹായിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നഴ്സിംഗ് മേഖലയിലെ സ്വകാര്യ ഏജൻസികൾവഴിയുള്ള റിക്രൂട്ട്മെന്റിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്രസർക്കാർ 12-3-2015-ലെ F.OI-11012/10/2013-EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. തമിഴ്നാട് സർക്കാരിന്റെകീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവവഴി മാത്രമായി പരിമിതപ്പെടുത്തി ഉത്തരവിറക്കുകയുണ്ടായി. ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്ക് തൊഴിൽതേടിപോകുന്ന ഇന്ത്യൻ നേഴ്സുമാർക്ക് കേന്ദ്രസർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽനിന്നും എമിഗ്രേഷൻ ക്ലിയറൻസും 31-5-2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പ്രവാസികാര്യമന്ത്രാലയം വിദേശ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പാക്കുന്നതിന് ഇ-മൈഗ്രേറ്റ് എന്ന ഒരു ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. നഴ്സിംഗ് റിക്രൂട്ട്മെന്റ് സംബന്ധിച്ച വിദേശ രാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാനും പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) നഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകളിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നേഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വിഷയം കേന്ദ്ര പ്രവാസികാര്യമന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും 30-4-2015-ന് മുൻപ് വരെ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല എന്ന വ്യവസ്ഥ 30-5-2015 വരെ ഒരു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 30-5-2015-ന് മുൻപ് റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തീയതിക്ക് മുൻപും ശേഷവും VISA ലഭിച്ചവരേയും എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽനിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പരസ്യബോർഡുകൾ

83 (2716) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാതയോരങ്ങളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;